ഭരണഭാഷ — മാതൃഭാഷ

നമ്പർ.ബി1/2787/റ്റിസി/2014

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,
രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം-14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.keralamvd.com [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി. 02.07.2014.

പ്രേഷിതൻ,

ട്രാൻസ്പോർട്ട് കമ്മീഷണർ,
തിരുവനന്തപുരം.

സ്വീകർത്താവ് ,

എല്ലാ ജില്ലാ കളക്ടർമാർക്കും.

സർ,

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ആർ.ആർ. നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളിൽ നിന്നും അഡീഷണൽ ടാക്സിനോടൊപ്പം പലിശയും ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന :- 12014-15 —ലെ ധനകാര്യ ബിൽ.

മോട്ടോർ വാഹന നികുതി കുടിശ്ശിക വരുത്തുന്ന വാഹനങ്ങളിൽ നിന്നും ടാക്സിനോടൊപ്പം അഡീഷണൽ ടാക്സ് മാത്രമേ വാങ്ങുവാൻ ടാക്സേഷൻ നിയമത്തിൽ വ്യവസ്ഥയുണ്ടായിരുന്നുള്ളു. ഇത്തരത്തിൽ വാങ്ങുന്ന അഡീഷനൽ ടാക്സ് പരമാവധി നികുതി തുകയുടെ 50% മാത്രമേ വരുകയുള്ളൂ. എന്നാൽ 2014-15 - ലെ ധനകാര്യ ബില്ലിൽ ടാക്സ് കുടിശ്ശിക വരുത്തുന്ന വാഹനങ്ങളിൽ നിന്നും അഡീഷണൽ ടാക്സിനോടൊപ്പം 12% വാർഷിക പലിശയും ഈടാക്കുന്നതിനുള്ള ഭേദഗതി കൊണ്ടുവന്നു. അതായത് ടാക്സ് കുടിശ്ശിക വരുത്തിയ ഒരു വാഹനത്തിന് ടാക്സ് അടയ്ക്കുവാൻ അനുവദിച്ചിട്ടുള്ള അവസാന തീയതിക്ക് ശേഷം 6 മാസം കഴിഞ്ഞാൽ അധിക നികുതിയോടൊപ്പം നികുതി തുകമേൽ 12% വാർഷിക പലിശയും ഈടാക്കുന്നതാണ്. മോട്ടോർ വാഹന വകുപ്പിന്റെ വിവിധ ഓഫീസുകളിൽ നിന്നും റവന്യൂ റിക്കവറി നടപടിയ്ക്കായി അയയ്ക്കുന്ന അപേക്ഷകളിൽ വാഹനം കുടിശ്ശിക വരുത്തിയ കാലയളവ്, കുടിശ്ശിക നികുതി, അധിക നികുതി, റവന്യൂ റിക്കവറി നടപടി തുടങ്ങിയ തീയതിവരെ ചുമത്തിയ പലിശ എന്നിവ പ്രത്യേകമായി രേഖപ്പെടുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ റീജിയണൽ ട്രാൻസ്പോർട്ട്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ നിന്നും റവന്യൂ റിക്കവറി നടപടിയ്ക്കുള്ള അപേക്ഷ ബന്ധപ്പെട്ട തഹസീൽദാർ(ആർ.ആർ)ന് അയച്ചശേഷം റവന്യൂ റിക്കവറി വഴി വാഹന ഉടമയിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുന്ന തീയതി വരെയുള്ള ഓരോമാസത്തേയ്ക്കും (12% വാർഷിക നിരക്കിൽ) ഒരു മാസത്തേക്ക് 1% എന്ന നിരക്കിൽ പലിശയും കൂടി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നിർദ്ദേശം എല്ലാ തഹസീൽദാർ (ആർ.ആർ) മാർക്കും നൽകണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ
ട്രാൻസ്പോർട്ട് കമ്മീഷണർക്ക് വേണ്ടി

പകർപ്പ്:- എല്ലാ ഡി.റ്റി.സി, ആർ.ടി.ഓ, ജോയിന്റ് ആർ.ടി.ഓ മാർക്കും അറിവിലേയ്ക്കായി.

എസ്.കെ.

മോട്ടോർ വാഹന വകുപ്പ്, കേരള